CCM(16) 2015-16

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 24.08.2015–ലെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 2.45–ന് ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2015–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 **954** തദ്ദേശഭരണ സ്ഥാപനങ്ങൾ 491.63 കോടി രൂപ (8.09%) ചെലവഴിച്ചതായും ഇതിൽ 828 ഗ്രാമപഞ്ചായത്തുകൾ 288.33കോടി രൂപയും (9.07.%), 81ബ്ലോക്ക് പഞ്ചായത്തുകൾ 53.08കോടി രൂപയും (7.25%), 12 ജില്ലാ പഞ്ചായത്തുകൾ 79.58കോടി രൂപയും (8.76%), 30 മുനിസിപ്പാലിറ്റികൾ 44.58കോടി രൂപയും, (6.96%), 4 കോർപ്പറേഷനുകൾ 26.03കോടി രൂപയും (4.21%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2015–16 വാർഷിക പദ്ധതികളിലെ ഭേദഗതികൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകുന്നതിനുള്ള അവസാന തീയതി 2015 സെപ്തംബർ 7 വരെ ദീർഘിപ്പിച്ചു തീരുമാനിച്ചു. 31.03.2015 ന് മുമ്പ് 2015–16 വാർഷിക പദ്ധതികൾ രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം നേടിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിനു ശേഷം ലഭ്യമായ ഫണ്ട് അനുസരിച്ച് പദ്ധതികൾ ഭേദഗതികൾ ചെയ്ത് അംഗീകാരം വാങ്ങിയിട്ടുണ്ട് അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പ്രോജക്ടുകൾ ഒരിക്കൽ കൂടി ഭേദഗതി വരുത്തുന്നതിന് അവസരം നൽകാനും തീരുമാനിച്ചു. എന്നാൽ ടെണ്ടർ സംവിധാനത്തിൽ യാതൊരു ഭേദഗതിയും പാടില്ലെന്നും തീരുമാനിച്ചു.

2.3 വൈകല്യമുള്ള വ്യക്തികളെ സംബന്ധിച്ചിടത്തോളം എല്ലാ വിഭാഗം തൊഴിലുകളിലും 3% സംവരണം നൽകണമെന്ന് 1995–ലെ PWD Act (persons with disability act) നിർദ്ദേശിക്കുന്നുണ്ടെങ്കിലും അത് പൂർണ്ണമായും പാലിക്കപ്പെടാത്ത സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെങ്കിലും ഇത് പാലിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി +2 പാസ്സായ വൈകല്യമുള്ള വ്യക്തികളെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒന്നു വീതവും മുനിസിപ്പാലിറ്റികളിൽ 2 വീതവും

മുനിസിപ്പൽ കോർപ്പറേഷനുകളിൽ 3 വീതവും എന്ന ക്രമത്തിൽ വൈകല്യ മുള്ളവരുടെ കാര്യങ്ങൾ നോക്കുന്നതിനായി കോഓർഡിനേറ്റർമാരായി നിയോഗിക്കു ന്നതിനും ഇവർക്ക് പ്രതിമാസം 10000 രൂപ ഹോണറേറിയമായി നൽകുന്നതിനും തീരുമാനിച്ചു. ചെലവിന്റെ പകുതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചതു പ്രകാരം സോഷ്യൽ സെക്യൂരിറ്റി മിഷൻ വഹിക്കുന്നതാണെന്നും ബാക്കി പകുതി തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

2.4 15 ലക്ഷം രൂപവരെയുള്ള ടാറിംഗ് പണികൾക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിന് അനുവദിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.02.2012-ലെ ജി.ഒ.(ആർ.ടി )391/12 ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതായി യോഗം നിരീക്ഷിച്ചു.

2.5 തദ്ദേശഭരണ സ്ഥാപനങ്ങളിലെ എ.ഇ.മാരുടെയും ഓവർസീയർമാരുടെയും തസ്തികകൾ നിലവിലുണ്ടെങ്കിൽ അതിലെ ഒഴിവുകൾ നികത്തുന്നതിന് താൽക്കാലികമായി ദിവസവേതാനാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണെന്ന് എന്ന് തീരുമാനമുള്ളതായി യോഗം നിരീക്ഷിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 പെരിനാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/370/15)

പട്ടികജാതി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥയിൽ ഭേദഗതി വേണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് (ഡി.എ2/402/15/തസ്വഭവ)

### വേളൂർക്കര ഗ്രാമപഞ്ചായത്ത് (ഫയൽനം. ഡി.എ1/95/15/തസ്വഭവ)

എഗ്രിമെന്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി 500 രൂപയാക്കിയത് കുറവു ചെയ്യണമെന്ന ആവശ്യത്തിൽ ആയത് ഇപ്പോൾ 200 രൂപയായി കുറവ് ചെയ്തിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 പിറവന്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.633/ഇ.ഡബ്ല്യു.3/15/തസ്വഭവ)

പൊതു തീരുമാനം 2.5 ബാധകം .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 ബദിയടുക്ക ഗ്രാമപഞ്ചായത്ത് ( ഫയൽ നം. 386/ഡി.എ2/15/തസ്വഭവ)

വൈദ്യുതി ലൈൻ മുഖേന സുരക്ഷാ ഭീഷണിയുണ്ടെങ്കിൽ അതു പരിഹരിക്കേണ്ടത് കെ.എസ്.ഇ.ബി ആണെന്നും അതിനാൽ ഗ്രാമപഞ്ചായത്ത് അക്കാര്യം ബന്ധപ്പെട്ട കെ.എസ്.ഇ.ബി. അധികൃതരെ അറിയിക്കേണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മണക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.109/ഡി.എ1/15/തസ്വഭവ)**

**(ഫയൽനം.380 ഡി.എ2/15/തസ്വഭവ)**

പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന മെറിട്ടോറിയസ് സ്കോളർഷിപ്പിന്റെ പരമാവധി തുകയാണ് മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കോടശ്ശേരി ഗ്രാമപഞ്ചായത്ത്**

**(ഫയൽനം. 501/ഡി.ബി.3/15/തസ്വഭവ)ബഹു. ചാലക്കുടി എം.എൽ.എ.ശ്രീ. ബി.ഡി.ദേവസ്സി മുഖേന)**

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറണമെന്നും, തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്നുമുള്ള വ്യവസ്ഥയിൽ ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. ഡി.ബി.3/315/15/തസ്വഭവ)**

ജില്ലാ പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സഞ്ചരിക്കുന്ന രക്ത സ്വീകരണ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 8 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽനം. 313/ഡി.ബി.3/15/തസ്വഭവ)**

പൊതു തീരുമാനം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 9 ഇടുക്കി ജില്ലാ പഞ്ചായത്ത്(ഫയൽ നം. 314/ഡി.ബി.3/15)**

മുച്ചക്ര വാഹനം നൽകാനുള്ള പദ്ധതി ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം. 397/ഡി.ബി.3/15/തസ്വഭവ)**

03.06.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 3.7 ഇനമായി ഫിസിയോ തെറാപ്പിസ്റ്റിന് പ്രതിദിനം 1500 രൂപ എന്ന തീരുമാനം ഭേദഗതി ചെയ്ത് 750 രൂപ ആക്കാനും ഫിസിയാട്രിസ്റ്റ് എന്ന തസ്തിക ആവശ്യമില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 11 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് (ഫയൽനം.118/ഡി.എ1/15/തസ്വഭവ)**

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന പദ്ധതിയിൽ ലാപ്ടോപിന്റെ സ്പെസിഫിക്കേഷൻ, പരമാവധി തുക എന്നിവ ഐ.കെ.എം. നിർദ്ദേശിക്കുന്ന പ്രകാരം നൽകുന്നതിന് തീരുമാനിച്ചു. ഇതിന്റെ വിശദാംശങ്ങൾ ഐ.കെ.എം. സൈറ്റിൽ നൽകണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 12 സെക്രട്ടേറിയറ്റിലെ കൃഷി വകുപ്പിൽ നിന്നുള്ള അർദ്ധ ഔദ്യോഗിക കത്ത്. (ഫയൽ നം.117/ഡി.എ1/15/തസ്വഭവ)**

ജില്ലാ പഞ്ചായത്തിന്റെ കൃഷി നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ചിരിക്കുന്നത് ഭേദഗതി ചെയ്യണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 13 പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ഫയൽനം.428/ഡി.ബി.3/15/തസ്വഭവ)**

2015 ഫെബ്രുവരിയിലെ ക്ഷീര വികസന സംഗമത്തിന് ധനസഹായം നൽകണമെന്ന ആവശ്യം ഇപ്പോൾ പ്രസ്കതമല്ലാത്തതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 14 അയിലൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.257/ആർ.സി.1/15/തസ്വഭവ)**

ഹൈസ്ക്കൂൾ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമല്ലാത്തതിനാൽ അതിന് സ്ഥലം എടുക്കുന്നതിന് അനുമതി വേണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 15 കാളികാവ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.394/15/തസ്വഭവ)**

**(ബഹു.മന്ത്രി.ശ്രീ.എ.പി. അനിൽകുമാർ, ബഹു.മന്ത്രി.ശ്രീ ആര്യാടൻ മുഹമ്മദ് എന്നിവർ മുഖേന)**

പാലിയേറ്റീവ് കെയർ സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗരേഖ ലഭിച്ച ശേഷം ആംബുൻസ് വാങ്ങുന്നതിന് അനുവാദം നൽകുന്ന കാര്യം പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 16 കൊച്ചി കോർപ്പറേഷൻ (ഫയൽനം.506/ഡി.ബി.3/15/തസ്വഭവ)**

നായ്ക്കളെ വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ച് കൊണ്ടു പോകുന്നതിന് വാഹനം വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം ജില്ലാതലത്തിൽ നടപ്പാക്കുന്ന എ.ബി.സി. പ്രോഗ്രാമുമായി ചേർന്ന് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 17 തുറവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.497/ഡി.ബി.3/15/തസ്വഭവ)**
**പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് (ഫയൽനം.429/ഡി.ബി.3/15/തസ്വഭവ)**
പ്രത്യേക വിഷയം 3.15 ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 18 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽനം.457/ഡി.ബി.3/15/തസ്വഭവ)**

പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് കോഓർഡിനേഷൻ കമ്മിറ്റിയടെ വിഷയമല്ലാത്തതിനാൽ ജില്ലയിലെ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ പോളി ഹൗസുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപടിക്രമങ്ങൾ പാലിച്ച് ഡി.പി.സി.യ്ക്ക് സമർപ്പിക്കുകയാണ് വേണ്ടതെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 19 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.285/ഡി.ഡി.2/15/തസ്വഭവ)**

ഒരു പട്ടികജാതി കോളനിയൽ കുഴൽ കിണർ സ്ഥാപിക്കുന്നതിന് അധികമായി ചെലവാക്കേണ്ടി വരുന്ന 21893 രൂപ, 259228 രൂപയിൽ നിന്ന് ചെലവാക്കാനും ശേഷിക്കുന്ന തുക 237335 രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 20 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽനം.68/ഡി.ബി1/15/തസ്വഭവ)**

പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് കോഓർഡിനേഷൻ കമ്മിറ്റിയുടെ വിഷയമല്ലാത്തതിനാൽ റൈസ് മില്ല് സ്ഥാപിക്കുന്ന പ്രോജക്ട് നടപടി ക്രമങ്ങൾ പാലിച്ച് ഡി.പി.സി.യ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 21 കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് (ഫയൽനം.392/ഡി.എ2/15/തസ്വഭവ)**

2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ കായിക പരിശീലന ക്യാമ്പ് സംബന്ധിച്ച് 15.10.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.21 തീരുമാനപ്രകാരം വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 22 ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് (ഫയൽനം.428/ഡി.എ2/15/തസ്വഭവ)**

ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകാതെ വന്ന രണ്ട് പ്രവൃത്തികൾക്ക് എസ്.സി.പി. ഫണ്ടിൽ നിന്ന് ചെലവഴിച്ച 352836 രൂപ തനത് ഫണ്ടിൽ നിന്ന് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാൻ അനുവദിക്കുകയും, പൂർത്തിയാകാത്ത മറ്റു രണ്ട് പ്രവൃത്തികൾക്ക് എസ്.സി.പി. ഫണ്ടിനു പകരം 1511051 രൂപ ജനറൽ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 23 മുണ്ടേരി ഗ്രാമപഞ്ചായത്ത് (ഫയൽനം ഇ–254049/ഡി.എ2/15/തസ്വഭവ)**

ഇറിഗേഷൻ വകുപ്പിൽ നിന്ന് അനുവാദം വാങ്ങണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്തിലെ മൂന്ന് കനാൽ റോഡുകൾ മെയിന്റനൻസ് നടത്താൻ ഗ്രാമപഞ്ചായത്തിനെ അനുവദിക്കണമെന്ന അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**24 ഇലഞ്ഞി ഗ്രാമപഞ്ചായത്ത് (ഫയൽ നം.438/ഡി.എ2/15)**

പഞ്ചായത്ത് കൗൺസിൽ ഹാളിന്റെ പൂർത്തീകരണം മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടു കൂടി ഉപയോഗിച്ച് ചെയ്യാമെങ്കിലും ഇ–ടെണ്ടർ നടപടി അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു

**3. 25 ഇലഞ്ഞി ഗ്രാമപഞ്ചായത്ത് (ഫയൽ നം.438/ഡി.എ2/15)**

**3. 26 പൂതാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.200/ഡി.ബി1/15)**

പ്രോജക്ട് ഭേദഗതി ചെയ്യാൻ സെപ്റ്റംബർ 7 വരെ സമയം ദീർഘിപ്പിച്ചു നൽകിയതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 27 ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം.445/ഡി.എ2/15)**

2015–16 ലെ വാർഷിക പദ്ധതിയിലെ വെള്ളക്കരം അടവാക്കൽ പദ്ധതി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 28 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.523/ഡി.ബി3/15)**

പാൽ ഗുണനിലവാര പരിശോധനക്ക് DGS&D അംഗീകാരം ലഭിച്ചിട്ടുള്ള വാഹനം 10 ലക്ഷം രൂപ അധികരിക്കാതെ വാങ്ങുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം.505/ഡി.ബി3/15)**

സൈഡ് വീലോടു കൂടിയ വാഹനം വാങ്ങിയതിന് സാധാരണ ടെണ്ടർ ക്ഷണിച്ച നടപടിക്ക് സാധൂകരണം ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.134033/ഡി.ഡി2/15/തസ്വഭവ)**

2010–11 വാർഷിക പദ്ധതിയിലെ വിജ്ഞാൻ ജ്യോതി പദ്ധതിയിലെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല തീരുമാനം എടുക്കാനുള്ള 12.03.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.11 തീരുമാനം ഭേദഗതി ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 അതിരംപുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.39602/ഐ.എഫ്.എ1/14/കൃഷി)**

കൃഷി ആവശ്യത്തിനുള്ള വീൽബാരോയെ കാർഷിക ഉപകരണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന കൃഷി ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് (ബഹു.കൊടുവള്ളി എം.എൽ.എ. ശ്രീ. വി.എം. ഉമ്മർമാസ്റ്റർ മുഖേന)**

ഗ്രാമപഞ്ചായത്തിലെ എൽ.പി, യു.പി സ്ക്കൂളുകളിൽ യാത്രാ സൗകര്യം ഒരുക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

2012-13-ലെ കമ്പ്യൂട്ടർ പരിശീലനം പദ്ധതിക്ക് തുക നൽകുന്നത് പ്ലാൻ ഫണ്ടിൽ നിന്ന് പാടില്ലെന്നും എന്നാൽ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്**

തെരുവു വിളക്ക് പരിപാലനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പരാതി നിലവിൽ ചുമതല ഏൽപ്പിച്ചിട്ടുള്ള ഏജൻസികളുടെ യോഗം വിളിച്ച് ചർച്ച നടത്താൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

ലാപ്ടോപുകളും മറ്റും നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങിയ നടപടി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 പാറശ്ശാല ഗ്രാമപഞ്ചായത്ത്**

ഭവന പദ്ധതിക്കായി പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം യോഗം പരിശോധിക്കുകയും 2015-16 വാർഷിക പദ്ധതി പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ 2015 സെപ്തംബർ 7 വരെ സമയം ദീർഘിപ്പിച്ചിട്ടുണ്ടെന്നു നിരീക്ഷിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 എരുമേലി ഗ്രാമപഞ്ചായത്ത്**

**ആനാട് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃ സമിതി കൺവീനർ ശശിധരൻ നായരുടെ പരാതി(2437/15/M(R&D( PSC)**

പ്രോജക്ട് പൂർത്തീകരിച്ചെങ്കിലും പേയ്മെന്റ് നൽകാത്ത പ്രോജക്ടുകളുടെ പേയ്മെന്റിനായി പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ നേരത്തെ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി യോഗം നിരീക്ഷിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

പ്രത്യേക വിഷയം ഇനം 3.34 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 മലപ്പുറം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ 28.04.2015-ലെ ഭരണസമിതി തീരുമാനപ്രകാരം ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് കരാർ വച്ച മരാമത്ത് പ്രവൃത്തികൾക്ക് സാധൂകരണം നൽകണം എന്ന ആവശ്യം യോഗം പരിശോധിക്കുകയും ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം, കട്ടപ്പന, ബ്ലോക്ക് പഞ്ചായത്തുകളിലെ ഐ.എ.വൈ ഫണ്ട് വിനിയോഗം സംബന്ധിച്ച്**

കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടിൽ നിന്നും ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ 11.88 ലക്ഷം രൂപയും, കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ 2.5 ലക്ഷം രൂപയും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ദുരുപയോഗം ചെയ്തതിനെ തുടർന്ന് ഫണ്ട് ദൗർലഭ്യം ഉണ്ടായതിനാൽ അത് പരിഹരിക്കുന്നതിന് ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുവദിക്കണമെന്ന ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു. റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക റീകൂപ്പ് ചെയ്യാമെന്ന ശുപാർശ അംഗീകരിക്കുകയും എന്നാൽ പ്രസ്തുത നടപടി ദ്രുതഗതിയിൽ നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 4.15ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 03.9.2015-ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**